## യേശു മഴ പുതയ്ക്കുന്നു

**ഈ** പൊഴേടെ ഒര് കാരിയം. കൈതക്കാടുകൾക്കു മുകളിലൂടെയാണ് മാർഗരീത്തയുടെ ഈ വിചാരം പുഴയെ ചെന്നു തൊട്ടത്. പിന്നെ ചെത്തിമിനുക്കാത്ത വെട്ടുകൽ ഭിത്തിയിൽ കിടന്ന സുന്ദരനായ യേശുദേവന്റെ ചില്ലിട്ട പടത്തിൽ നോക്കി മാർഗരീത്ത കുറെയേറെ വർത്തമാനം പറഞ്ഞു. പതിവുപോലെ.

യേശുവിന്റെ നീളൻകണ്ണുകളുടെ പരൽത്തിളക്കം; ആകുലതകളുടെ കാറ്റടിച്ചിട്ടും കെടാതെ തന്നെ. മാർഗരീത്തയുടെ ചുണ്ടുകളിലേക്ക് ഒരു ചെറുചിരിപോലെ എന്തോ ഒന്ന് അരിച്ചെത്തിയിരുന്നു. പിന്നീടാണ് അവർക്ക് തലചുറ്റിയത്. മഞ്ഞവെള്ളം തികട്ടിയത്. വായിലാകെ കയ്പു കിടന്നുറഴിയത്.

രാവിലെ ഒരു വാടിയ കട്ടൻചായ മാത്രമേ കുടിച്ചിട്ടുള്ളൂ. പത്രക്കാരും ടിവിക്കാരുമൊക്കെ ഇപ്പോഴങ്ങു പടിയിറങ്ങിയതേയുള്ളൂ. അവരിൽ പലരും അസഹിഷ്ണുതയോടെ ചെരുപ്പോ ഷൂസോ അഴിച്ചുവയ്ക്കാതെ തന്നെ മാർഗരീത്തയുടെ വീടിന്റെ സിമന്റടർന്ന് പൊടിഞ്ഞ്, ചേനവട്ടത്തിലുള്ള കുഴികൾ നിറഞ്ഞ വരാന്തയിലൂടെ നടക്കുകയോ ഇടയ്ക്കിടയ്ക്ക് വിയർപ്പു തുടച്ച് നിൽക്കുകയോ ചെയ്യുകയായിരുന്നു.

'പുഴ കാക്കുന്ന ഭൂതം' എന്ന തലക്കെട്ടിൽ മാർഗരീത്തയെക്കുറിച്ച് പത്രത്തിൽ വന്ന വാർത്തയുടെ വിശദാംശങ്ങൾ തേടിയെത്തിയതായിരുന്നു ചാനലുകാർ. പത്രക്കാരും.

"മാർഗരീത്താമ്മയ്ക്ക് ഒട്ടും പേടീല്ലേ ഒന്നിനേം...." 'സ' ആകൃതിയിൽ താടിരോമങ്ങൾ, വെട്ടിനിർത്തിയ ഒരു പത്രക്കാരൻ ചോദിക്കുന്നുണ്ടായിരുന്നു.

"എന്തിനാ പേടിക്കണെ..... ദേ ആ ഭിത്തീല് തൂങ്ങിക്കെടക്കണ യേശുദേവനില്ലേ തൊണയായി. അങ്ങേരെ മാത്രേ പേട്യള്ളു ഈ ലോകത്ത്."

മാർഗരീത്ത കഴുത്തിലെ വിയർപ്പും അഴുക്കും മുഷിഞ്ഞ് മണ്ണുനിറത്തിലുള്ള ഒരു തോർത്തുകൊണ്ട് ഒപ്പിയെടുത്ത് പറഞ്ഞു.

"യേശു ഇന്നെ കാക്കും. ഒറപ്പാ.

ഇതൊന്നും ഇനിക്ക് വേണ്ട്യല്ല. എല്ലാം ദാ ഈ മണ്ണിനും പൊഴയ്ക്കും വേണ്ട്യാ. ഇദേ ദൈവം തമ്പുരാന്റെയാ. അത് ഞാനാർക്കും വിട്ടുകൊട്ക്കൂല്ല.

ഇന്റെ കാർന്നോമ്മാരായിട്ട് പൂതം കാക്കണപോലെ കാത്ത മണ്ണാ ഇദ്.

ദാണ്ട് ആ പൊഴേല് എത്ര തവണയാ വെള്ളം മലപോലെ പൊങ്ങീതും എറങ്ങീതും. ഒര് കണക്കൂല്ല. കൊറേ ശവങ്ങളും ഒഴ്കീട്ടൊണ്ട്. പൊഴമണ്ണ് കട്ട് വാരിയെട്ക്കാൻ എപ്പഴൊക്കെ കള്ളമ്മാര് വര്വോ അപ്പഴൊക്കെ ഇന്റെയീ പൊരയിടത്തിലെ മരങ്ങളും കിളികളും അണ്ണാർക്കണ്ണൻമാരും തെങ്ങും ചില്ലകളുമൊക്കെ എനിക്കറിയിപ്പ് തരും.

യേശു എന്നെ അപ്പത്തന്നെ വിളിച്ചുണർത്തും. പൊഴേലേക്ക് കണ്ണ് കാണിക്കും.

നോക്കുമ്പം ശര്യാ.

അവമ്മാര് പൂതങ്ങളെപ്പോലെ ഉടല് വെള്ളത്തിമുക്കി തലേല് മണൽകൊട്ടേമായി പത്ങ്ങി

പത്ങ്ങി മണ്ണ് കടത്തണ കാണാം.

ആ കള്ളച്ചെന്നാക്കളെ ആരും കാണൂല്ല.

യേശൂന്റെ കണ്ണി പൊടിയിടാമ്പറ്റൂല്ലല്ലോ.

യേശും ഞാനുഞ്ചേർന്ന് അപ്പത്തന്നെ കണ്ടുപിടിക്കും. അതല്ലേ അവമ്മാർക്ക് എന്നെ കാണാമ്പാടില്ലാത്തെ."

"ഈ മാർഗരീത്തയ്ക്ക് കൊറച്ച് നൊസ്സുണ്ട്ല്ലേ". ഫ്രഞ്ച് താടിയുഴിഞ്ഞ് ഫ്രീലാൻസ് ജേണലിസ്റ്റ് മുകുന്ദൻ കൂട്ടുകാരിയായ മറ്റൊരു ജേണലിസ്റ്റ് അശ്വതിയോട് രഹസ്യം പറഞ്ഞു.

രണ്ടുപേരും മുട്ടിയുരുമ്മിനിന്ന് വീണ്ടും വീണ്ടും അടക്കം പറയുകയും ചിരിക്കുകയും ചെയ്തു. പുഴമാത്രം ഒന്നും മിണ്ടാതെ ഒഴുകി. പത്രക്കാരൊക്കെ സ്ഥലം വിട്ടിരുന്നു. മാർഗരീത്ത യേശുവിന്റെ തിരുഹൃദയത്തോട് ചേർന്നുനിന്ന് സങ്കടങ്ങൾ പെയ്തൊഴിച്ചു.

ഭർത്താവ് ജോസഫ് ഇതേ തിരുഹൃദയത്തിനു മുൻപിലൂടെയാണ് മക്കളില്ലാത്ത മാർഗരീത്തയെയും അവരുടെ ചെടിക്കുഞ്ഞുങ്ങളെയും പന്നി, പൂച്ച, കോഴി, താറാവ് എന്നിവരെയുമൊക്കെ ഉപേക്ഷിച്ച് ഒരു നാൾ വീട് വിട്ടുപോയത്.

പന്നികൾ വീണ്ടും വീണ്ടും ഇണചേരുകയും കോഴികളും താറാവിൻകൂട്ടങ്ങളും വാശിയും പൗശന്യവുംമൂത്ത് മൽസരിച്ച് ഇരതേടി മണ്ണിൽ ചുണ്ടുരസി നടക്കുകയും പൂച്ചകൾ കൗശലം മൂത്ത് പമ്മിനടക്കുകയും ചെയ്തു. മേഴ്സിപ്പട്ടിമാത്രം പുഴവരെ ജോസഫിന് കൂട്ടുപോയിരുന്നു.

പിന്നെ പുഴയിലെ നിഴലനക്കങ്ങൾ നോക്കി ഒന്നു മുരളുകമാത്രം ചെയ്ത് ഒരു ചെറുകുര കുരച്ച് അവൾ തിരിച്ചെത്തി. മാർഗരീത്ത നട്ടുനനച്ച് തഴച്ച വാഴക്കൂട്ടങ്ങൾക്കിടയിലെ പൊടിമണ്ണിൽ ചുരുണ്ടുകിടന്ന് മണ്ണു പുതച്ച് കാലുകളും കൈകളും മുകളിലോട്ടുയർത്തി മടക്കിപ്പിടിച്ച് മേഘങ്ങളുടെ കൂട്ടപ്പലായനം നോക്കി ശ്വാസമടക്കി കിടന്നു. മാർഗരീത്തയെ ആശ്വസിപ്പിക്കാനെന്നവണ്ണം കണ്ണുകളെ മയക്കി കിടത്തി. പിന്നെ മോങ്ങി. മേഴ്സിപ്പട്ടിയുടെ മോങ്ങൽ മാർഗരീത്തയുടെ വാഴത്തടങ്ങളിലാകെ ഒരു സങ്കടക്കറുപ്പ് പരത്തിയിരുന്നു. ഓരോന്ന് ഓർത്തപ്പോൾ മാർഗരീത്തമ്മയ്ക്കും സങ്കടം തികട്ടി. അവർ പുഴയെ നോക്കി. പുഴ തിരിച്ചും.

എന്തൊരു പുഴയാ ഇത്.... അവർ ചിന്തിച്ചു. ഈ പുഴ കടന്ന്, നിലാവിനൊപ്പമാണ് ജോസഫ് ആദ്യമായി മാർഗരീത്തയെ തേടിയെത്തിയത്. ജോസഫ് മുറിയിൽ കയറി യേശുദേവന്റെ നോട്ടത്തിൽനിന്ന് മറഞ്ഞു നിന്ന് മാർഗരീത്തയെ കെട്ടിപ്പിടിച്ചതും രണ്ടുപേരും ഉമ്മകളിലൂടെ തുഴഞ്ഞൊഴുകിയതും നിലാവ് ഒളിഞ്ഞിരുന്ന് നോക്കിയതേയില്ല. മാർഗരീത്തയെ ഉപേക്ഷിച്ചുപോയ ദിവസം നിലാവ് മാഞ്ഞ കറുത്തരാത്രിയായിരുന്നു അയാൾക്കു കൂട്ടുപോയത്.

രാത്രികളിൽ യേശുവിന്റെ ചില്ലു ചിത്രത്തിനുതാഴെ, കിടന്നുകിടന്ന് പതംവന്ന് ചിന്തിയ പുൽപ്പായയിൽ മാർഗരീത്തയും ഓർമകളും അങ്ങനെ കിടക്കും. അങ്ങനെയുള്ള ഒരു രാത്രി

യിലാണ് മാർഗരീത്തയെ ഉപേക്ഷിച്ചുപോയ ജോസഫിന് രണ്ടാം ഭാര്യയിൽ ഉണ്ടായ മകൻ അലക്സി ഒരു സമ്മാനപ്പൊതിയുമായി, പുഴ കടന്ന് മാർഗരീത്തയെ തേടിയെത്തിയത്. കറുത്ത പ്ലാസ്റ്റിക് സഞ്ചിക്കുള്ളിൽ പൊതിയാതെ വെച്ചിരുന്ന ഒരു കുപ്പി ചാരായവും പന്നിയിറച്ചി ഉലർത്തിയതുമായിരുന്നു സമ്മാനം.

“എന്റെ അച്ചാച്ചന്റെ ഭാര്യ അല്ലാര്ന്നോ മാർഗരീത്താമ്മച്ചി — അപ്പഴ് അച്ചാച്ചന് മാനക്കേടുണ്ടാക്കാതെ ഇത് മുഴ്വോനും അകത്താക്കണം” പുഴയിലേക്ക് ഇറങ്ങിക്കിടന്ന രാത്രിയെ നോക്കി അലക്സി പറഞ്ഞു.

“മാർഗരീത്താമ്മച്ചിയെ ഞാനെന്നുമോർക്കാറുണ്ട്. അങ്ങനെ ഓർക്കമ്പം ദാ ആ പൊഴേനെ ഓർക്കും. പൊഴേടെ തീരത്തെ സകലമാന മരങ്ങളേം ഓന്തുകളേം അണ്ണാർക്കണ്ണൻമാരേം ഓർക്കും.”

“കൊട്ടക്കണക്കിന് മണല് പൊഴേന്ന് കട്ടുവാരി രായ്ക്കുരാമാനം കടന്നുകളയണ കറിയാച്ചനേം ലില്ലിക്കുട്ടീനേം അവര്ടെ മക്കള് സണ്ണിക്കുട്ടീനേം ഏല്യാസിനേം ഓർക്കും. എന്നാലും ഈയിടെയായി പൊഴയ്ക്കിത്തിരി ഗർവ്വ് തന്നാ.....”

അല്ലേപ്പിന്നെ ഇങ്ങനങ്ങ് ഒന്നും കണ്ടില്ല കേട്ടില്ലാന്നും പറഞ്ഞ് ഒഴ്കോ.

മണല് കൊണ്ടോയാലും ചത്തോര് ഒഴ്കി നടന്നാലും പൊഴയങ്ങനങ്ങ് ഒഴുകുവല്ലേ.

ഞാനെങ്ങാനും ഇത്തിരി പുഴമണ്ണേലൊന്ന് തൊട്ടാമതി. അപ്പം പൊഴയ്ക്ക് കലിയിളകും. പുഴവെള്ളത്തെയിട്ട് കലക്കും.

എന്തായാലും മാർഗരീത്തമ്മച്ചി ഇവിടം വിട്ട് പോകുവാ നല്ലത്. എന്നിട്ട് എനിക്കീ വീട് താ.... ഞാന്നോക്കിക്കോളാം ഈ പൊഴ. എവിട്യാണേലും നിങ്ങളേം നോക്കാം.

“അലക്സിയുടെ ഉദ്ദേശ്യം മാർഗരീത്തയ്ക്കു പിടികിട്ടി.

“പൊഴയാണെ സത്യം. ഇന്നെ ഇവ്ട്ന്ന് എറക്കാന്ന് നീ കര്തണ്ടാ അലക്സി.” അലക്സി മാർഗരീത്തയെ ആദ്യമായി കാണുന്ന ഭാവത്തിൽ തുറിച്ചുനോക്കിക്കൊണ്ടേയിരുന്നു. ചോർന്നുപോയ വാക്കുകളുടെ ശൂന്യതയിൽ അലക്സിയുടെ മനസിലെ ചുണ്ടുകൾ മുരണ്ടു.

“പിശാച് തള്ളേ നിങ്ങള് പൊഴേം കെട്ടിപ്പിടിച്ചോണ്ടിരുന്നോ. മട്ടുകണ്ടാതോന്നും പൊഴ നിങ്ങടെ വയറ്റീന്ന് വന്നതാന്ന്.”

“കുഞ്ഞുങ്ങളൊന്നും വരാനില്ലാര്ന്നല്ലോ വയറ്റില്. ഹഹഹ....” കൂട്ടുകാർ കൂട്ടത്തോടെ ചിരിച്ച് അലക്സിയെയും ഒരു ഹഹഹയിലേക്ക് പിടിച്ചു വലിച്ചിട്ടു.

“നോക്ക് തള്ളേ.... വല്ലോരും ഇത്തിരി മണല് വാര്വോ വിയ്ക്ക്വോ ചെയ്തെന്ന് വച്ച് നിങ്ങക്കെന്താ ചേതം....”

അലക്സിയുടെ ഉള്ളിലെ മുരൾച്ച പുറത്തുവരാനാകാതെ പിടഞ്ഞു കിടന്നു. അയാളുടെ ഞരമ്പുകൾ ധ്യതതാളത്തിൽ ചലിച്ചു. ആ നേരം മാർഗരീത്തയുടെ കാലുകളിൽ മുട്ടിയുരുമ്മി ദയനീയ മുഖഭാവത്തോടെ ചിന്താഭരിതയായ മേഴ്സിപ്പട്ടിയെ കണ്ടതും അല

ക്സിയുടെ ക്രൗര്യം കൂടി. അയാൾ പേ പിടിച്ച ജന്തുവായി മുരണ്ടു.

"ഈ പട്ടിച്ചിയാ തള്ളയ്ക്കു കാവൽ." അയാൾ മേഴ്സിപ്പട്ടിയുടെ മഞ്ഞനിറമുള്ള കഴുത്തിലേക്ക്, അടുത്തുകിടന്ന തുരുമ്പുപിടിച്ച ഒരു പിക്കാസെടുത്ത് വലിച്ചെറിഞ്ഞു.

വേദന നിറഞ്ഞ ഒരു മോങ്ങൽ പുഴ കേൾക്കുകയും ചെയ്തു. ആരൊക്കെയോ മണലെടുത്ത കുഴിയിലെ നനവിൽ കിടന്ന് കൈകാലുകൾ ഉയർത്തിപ്പിടിച്ച് മേഴ്സിപ്പട്ടി ഒന്നു മറിഞ്ഞു. പിന്നെ ഭൂമിയുടെയും ആകാശത്തിന്റെയും അവസാന മണങ്ങൾ നുകരാനായി മൂക്കുവിടർത്തി വീണ്ടും മറിഞ്ഞു.

മണ്ണിന്റെ മണം.... ജലത്തിന്റെ മണം.... മാർഗരീത്താമ്മയുടെ മണം... വാഴക്കൂട്ടങ്ങളുടെ മണം....

പിന്നാമ്പുറത്തെ ഉണങ്ങിയ മീന്തലകളുടെ മണം.... മൂക്കുവിടർത്തി, കണ്ണുകൾ മലച്ച് ഭൂമിയിലെ ഒരു ജീവി കൂടി ജീവിതം തീർന്നങ്ങിനെ ചത്തുമലച്ചു. മരണത്തിലേക്കുള്ള പോക്കിൽ ഒരു മാത്ര മേഴ്സിപ്പട്ടി മാർഗരീത്തയ്ക്കു നൽകിയ നോട്ടം.... ഹൊ.....

യേശുവേ.... മാർഗരീത്തയ്ക്ക് അതോർത്തപ്പോൾ കാഴ്ചമങ്ങുന്നതായും ശ്വാസം നിലയ്ക്കുന്നതായും തോന്നി. വളർത്തുനായുടെ ചാവുമണം. കറുക്കാൻ തുടങ്ങിയ രക്തം....

ജലം വറ്റിയ വരണ്ട കിണറാഴമായി മാർഗരീത്തയുടെ കുഴിഞ്ഞ കണ്ണുകൾ.

പുഴയുടെ വറ്റൽപോലെ അവരുടെ ജീവിതവും വറ്റിപ്പോയിരിക്കുന്നു.

ഈയിടെയായി അലക്സിയെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുകയാണ്. മാർഗരീത്തയുടെ പറമ്പിലെ വാഴക്കുലകളും കോഴികളും പൊങ്ങല്യത്തടികളും ഓരോന്നോരോന്നായി അലക്സി പുഴ കടത്തി കൊണ്ടുപോയി.

"ഇന്റെ അച്ചാച്ചന്റെ വേർപ്പാ.... ആരാ ചോദിക്കാൻ." അയാളുടെ അലർച്ച കേട്ട് മാർഗരീത്ത തലയുയർത്തി നോക്കിയെങ്കിലും അവർക്ക് തലചുറ്റി.

"ഈ നശിച്ച പൊഴേം കെട്ടിപ്പിടിച്ചോണ്ട് എന്തിനാ തള്ളേ ഇവിടിങ്ങനെ കഴ്യണെ. പൊഴ നിങ്ങ്ടെയാരാ.... ഇത്ര അലിവ് കാട്ടാൻ...."

പുഴ എനിക്കാരാണ്? മാർഗരീത്ത അപ്പോൾ അടുത്തുവന്നുനിന്ന മഴയോട് ചോദിച്ചു. മഴ ആലോചിച്ചുനിന്നു. പിന്നെ പതുക്കെ നടന്നിറങ്ങി പുഴയിലേക്ക്.

ഇനിയും പെയ്യാനുള്ള മേഘങ്ങൾ ആകാശത്ത് പുഴയെയും മഴയെയും മാറിമാറി നോക്കി കിടന്നു.

ഇന്നലെയും അലക്സി കുടിച്ച് മദോൻമത്തനായി വന്നാണ് മാർഗരീത്തയെ വെല്ലുവിളിച്ചത്. കൂട്ടത്തിൽ ഒറ്റക്കമ്മലും ഇരുമ്പുവളയങ്ങളുമൊക്കെ അണിഞ്ഞ്, ചൂയിംഗം നുണഞ്ഞ് കുറെ റൗഡികളും.

"അപ്പയെന്താ നിങ്ങ്ടെ ഉദ്ദേശം - ഇവ്ടന്ന് പോകൂല്ലേ?"

"ഇന്റെ അച്ചാച്ചന്റെയാ ഈ വീടും സ്ഥലോം" അലക്സി കുഴഞ്ഞു മറിഞ്ഞു പറഞ്ഞു.

"ഈ പൊഴേം...."? മാർഗരീത്ത പരിഹാസച്ചിരിയോടെ ചോദ്യമുതിർത്തു.

“ഉം... പൊഴേം മണ്ണും മണലും തടിയുമെല്ലാം ഞങ്ങക്ക് വേണം. തള്ളയ്ക്കെന്താ ചേതം....” ഒരുത്തൻ നാവിന്നടിയിൽനിന്ന് ചതഞ്ഞു പതം വന്നുതൂങ്ങിയ ചൂയിംഗം വിരലിൽ കൊരുത്തെടുത്ത് ദൂരേക്കെറിഞ്ഞുകൊണ്ട് ചോദിച്ചു.

ദാ ആ പൊഴേല് എത്തിനോക്കണ പുല്ലാനിപ്പൊന്തകള് കണ്ടോ തള്ളേ നിങ്ങള്. അവ്ടെയൊക്കെ നെറെ കയങ്ങളാ. കൊന്ന് അവ്ടെ കെട്ടിതാത്ത്യാൽ ആരും വരില്ല ചോദിക്കാൻ. ചൂയിംഗക്കാരൻ, അടുത്ത ചൂയിംഗമെടുത്ത്, വാ പിളർന്ന് വിരൽകൊണ്ട് നാക്കിലേക്ക് തട്ടിയിട്ട് ചുണ്ടമർത്തി നുണഞ്ഞു രസിച്ചു.

“ഞങ്ങളീ പൊഴ വിറ്റ്നിരിക്കും. മണല് വാരീന്നിരിക്കും.... നിങ്ങടെ കൂരയ്ക്കു ചുറ്റും ഇത്തിരി നിക്കണ ആ മണ്ണുകൂടി വെട്ടിത്തോണ്ടിയാൽ ദാണ്ട് ആ വീടങ്ങ് ഇടിഞ്ഞോളും. പിന്നെ അതിന്റെ കൂടെ നിങ്ങളേം അങ്ങട്ട് താത്ത്യാ മതീല്ലോ. അതോണ്ട് കണ്ടില്ലാന്ന് വച്ചിരുന്നാ നിങ്ങക്ക് നല്ലത്.”

“അല്ലേൽ ദേണ്ടെ ആ കയം ഓർമേണ്ടല്ലോ. അലക്സീടെ അച്ചാച്ചന്റെ പണ്ടെങ്ങോ ഉള്ള കെട്ട്യോളായിപ്പോയി. അല്ലെങ്കി, കാണിച്ച് തരാരുന്നു. അറ്റകൈയ്ക്ക് നിങ്ങളെ എന്താ ചെയ്യണ്ടേന്നറിയാം ഞങ്ങക്ക്. ഇപ്പഴും മോശോന്നുല്ല തള്ള. തല അൽപ്പം വെളുത്തുന്നേയുള്ളൂ.”

ചൂയിംഗക്കാരൻ പുതിയ ചൂയിംഗം വായിലേക്കിട്ട് ഞൊട്ടി നുണഞ്ഞു. പിന്നെ ഊതി കുമിളയാക്കി പൊട്ടിച്ചു. അയാൾ മാർഗരീത്തയുടെ മാറിടത്തിലേക്ക് ഒരു കത്തി കുത്തിയിറക്കുന്നതുപോലെ നോക്കിയപ്പോൾ മാർഗരീത്തയ്ക്ക് കിതപ്പുതോന്നി. അവർ മേഴ്സിപ്പട്ടി ചത്തുപോയത് ഓർക്കാതെ അവളെ വിളിച്ചുകൊണ്ടേയിരുന്നു. പേടി ഒരു കയത്തിലേക്കെന്നവണ്ണം മാർഗരീത്തയെ വലിച്ചുതാഴ്ത്തിക്കൊണ്ടു പോകുന്നതുപോലെ.

അലക്സിയും കൂട്ടുകാരും ബൈക്കുകളിൽ കയറി സ്ഥലം വിട്ടുവെങ്കിലും കൂടുതൽ കുഴഞ്ഞ ശബ്ദവുമായി പെട്ടെന്ന് തിരിച്ചെത്തി മാർഗരീത്തയെ ചീത്തവിളിക്കുവാൻ തുടങ്ങി. വിശപ്പ് വിഴുങ്ങിയതിനാൽ മാർഗരീത്ത അതൊന്നും കേട്ടില്ല. വാഴക്കൂട്ടങ്ങളും നിഴലുകളും കോഴിക്കുഞ്ഞുങ്ങളും മുറ്റത്തെ അയയിൽ തോരാനിട്ടിരുന്ന കീറത്തുണികളും കുഞ്ഞുവരാന്തയുടെ മൂലയിൽ ചുരുട്ടിവച്ചിരുന്ന പനമ്പും ഞങ്ങളെ ഉപേക്ഷിച്ചുപോകുവാണോ എന്ന് മാർഗരീത്തയോടു ചോദിച്ചു.

“അല്ല ഞാനുണ്ടാകുമല്ലോ പുഴേല്.....” എന്ന് മാർഗരീത്ത മറുപടിയും പറഞ്ഞു.

പിന്നെ മണലെടുത്ത കുഴികളിലേക്ക് ഇടറിവീഴാതെ കൂസൽ കൂടാതെതന്നെ മുന്നോട്ടു നടന്നു. “പുഴ എന്നും എന്റേതാണ്. ഞാൻ പുഴയുടേം....” അവർ ചെറുശബ്ദത്തിൽ പറഞ്ഞുകൊണ്ടേയിരുന്നു.

ചെറിയൊരു തണുപ്പേ പുഴയ്ക്കുണ്ടായിരുന്നുള്ളൂ. ജലശയ്യയിൽ മാർഗരീത്ത ചെരിഞ്ഞുകിടന്നു. മുടിക്കെട്ടുലഞ്ഞ് നരച്ചനിറമുള്ള നാഗങ്ങളായി പച്ചജലപ്പരപ്പിൽ ഒഴുകി നടന്നു.

പുല്ലാനിക്കാടിനരികിൽ എത്തിയതും ഒരു തിണർത്ത വേരിൽ കുരുങ്ങിയതും മാർഗരീത്തയെ ജലം ഒരു കവചത്തിലെന്നവണ്ണം പൊതിഞ്ഞുവെച്ചു.

കാറ്റ് ആലിപ്പഴം പൊഴിച്ച ഒരു മഴയ്ക്കൊപ്പമാണ് പുഴയിലേക്കിറങ്ങി വന്നത്. മാർഗരീത്തയുടെ ചെടിക്കുഞ്ഞുങ്ങളും പകൽവെളിച്ചത്തിന്റെ മായികതയിലൂടെ രാത്രിയെന്ന് ഓർക്കാതെ എത്തിനോക്കിയ നക്ഷത്രക്കൂട്ടങ്ങളും കുഞ്ഞുവാലുകളിളക്കി ആലസ്യം തീർന്ന പന്നി പെൺകൊടികളും പൊൻനിറമുള്ള പൂച്ചകളും പുഴക്കരയിൽ മാർഗരീത്തയ്ക്ക് കാവൽക്കാരായി നിന്നു. മാർഗരീത്തയുടെ സങ്കടപ്പെരുക്കങ്ങളെ ഒരു കുന്നോളം മഴവന്ന് ഒഴുക്കിക്കളഞ്ഞു.

അലക്സിയും ചൂയിംഗക്കാരുമെവിടെ എന്ന് പുഴ എത്തിനോക്കുന്നുണ്ടായിരുന്നു.

ഇതെന്റെ മണ്ണ്....

ഇതെന്റെ പുഴ.....

ഇതെന്റെ പ്രാർത്ഥന.....

ഇതെന്റെ കൈക്കുമ്പിൾ....

എന്നുരുവിട്ട് നീട്ടിയ മാർഗരീത്തയുടെ കൈക്കുമ്പിളിലേക്ക് ചില്ലുകൂട്ടിനുള്ളിലെ യേശു സ്ഫടികദീപ്തിയുള്ള മഴ പുതച്ചാണ് ഇറങ്ങി വന്നത്.

മാർഗരീത്തയുടെ ദേഹമാകെ പുഴയാഴത്തിൽ നിന്നെത്തിയ മാലാഖ മൽസ്യങ്ങൾ സ്വർണത്തരികൾ പാകാൻ തുടങ്ങിയിരുന്നു.

**സമകാലിക മലയാളം ഓണപ്പതിപ്പ്**